


2026
JANUARY
26
MONDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper



# ജൽ വാഹക് കാർഗോ പ്രമോഷൻ പദ്ധതിയിലേക്ക് ദേശീയ ജലപാതകൾ വ്യാപിപ്പിക്കും

**കൊച്ചി:** ഇന്ത്യയുടെ ഗതാഗത, ചരക്കുനീക്ക പരിവർത്തനത്തിന്റെ തന്ത്രപരമായ സ്തംഭമായി ഉൾനാടൻ ജലപാതകൾ ഉയർന്നുവന്നിട്ടുണ്ടെന്ന് കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ പറഞ്ഞു. കൊച്ചിയിൽ നടന്ന ഉൾനാടൻ ജലപാത വികസന കൗൺസിൽ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. നദികളെ ഇനി വെറും പ്രകൃതിവിഭവങ്ങളായല്ല, മറിച്ച് വളർച്ചയും സുസ്ഥിരതയും കണക്റ്റിവിറ്റിയും നയിക്കുന്ന സാമ്പത്തിക ജീവനാഡികളായാണ് കാണുന്നതെന്നും അദ്ദേഹം പറഞ്ഞു. ഉൾനാടൻ ജലപാതകളിലൂടെയുള്ള ചരക്ക് നീക്കത്തിന് ചെലവഴിക്കുന്ന ആകെ പ്രവർത്തന ചെലവിന്റെ 35 ശതമാനം വരെ തിരിച്ചുനൽകൽ വാഗ്ദാനം ചെയ്യുന്ന ജൽ വാഹക് കാർഗോ പ്രമോഷൻ പദ്ധതി കേരളം ഉൾപ്പെടെയുള്ള മറ്റ് ദേശീയ ജലപാതകളിലേക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്. ഐ. ഡബ്ല്യു.എ. ഐ, ഐ.സി.എസ്.എൽ ഒഴികെയുള്ള സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്ന കപ്പലുകൾ വാടകയ്ക്കെടുക്കാൻ ചരക്ക് ഉടമകളെ പ്രാപ്തരാക്കുന്നതിലൂടെ ഈ പദ്ധതി സ്വകാര്യ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇത് പ്രമുഖ ഷിപ്പിംഗ് കമ്പനികൾ, ചരക്ക് കൈമാറ്റക്കാർ, വ്യാപാര സ്ഥാപനങ്ങൾ, ബൾക്ക്, കണ്ടെയ്നറൈസ്ഡ് ചരക്കുകൾ കൈകാര്യം ചെയ്യുന്ന ഓപ്പറേറ്റർമാർ എന്നിവർക്ക് ഇത് പ്രത്യേകിച്ചും ആകർഷകമായിരിക്കും. തുടക്കത്തിൽ മൂന്ന് വർഷത്തേക്ക് കാലാവധിയുള്ള ഈ സംരംഭം വിതരണ ശൃംഖലകളെ കുറ്റമറ്റതാക്കാനും ജലാധിഷ്ഠിത ചരക്കുനീക്കത്തിന്റെ വാണിജ്യപരമായ സാധ്യത വർദ്ധിപ്പിക്കാനും സഹായിക്കും. ചരക്ക് ഗതാഗതത്തിന് കാര്യക്ഷമവും ചെലവ് കുറഞ്ഞതും പരിസ്ഥിതി സൗഹൃദവുമായ മാർഗ്ഗമായി ജലപാതകളെ സജ്ജമാക്കുന്നതിനായി, വാണിജ്യപരമായി ലാഭകരമായ പാതകളിൽ നിശ്ചിത ദിന ഷെഡ്യൂൾഡ് സെയിലിംഗ് സർവ്വീസുകൾ ആരംഭിക്കുമെന്നും പ്രഖ്യാപിച്ചു. കേരള പാക്കേജിൽ റിവർ ക്രൂയിസ് ജെട്ടികളുടെ വികസനവും ഒരു സർവേ കപ്പലിന്റെ ഉൾപ്പെടുത്തലും ഉൾപ്പെടുന്നു. ഇത് യാത്രക്കാരുടെ സഞ്ചാരത്തിനും വിനോദസഞ്ചാരത്തിനും സുരക്ഷിതമായ നാവിഗേഷനുമുള്ള സംസ്ഥാനത്തിന്റെ ശേഷിയെ കൂടുതൽ ശക്തിപ്പെടുത്തും.

ജമ്മു കശ്മീരിലെ NW49ൽ മൊത്തം 10 ഹൈബ്രിഡ് ഇലക്ട്രിക് കപ്പലുകൾ വിന്യസിക്കും. ജലപാതകളുടെ സഞ്ചാരയോഗ്യത, സുരക്ഷ, വർഷം മുഴുവനുമുള്ള പ്രവർത്തനങ്ങൾ എന്നിവ മെച്ചപ്പെടുത്തുന്നതിനായി 465 കോടി രൂപയിലധികം മൂല്യമുള്ള ആസ്തി സംഭരണവും പ്രഖ്യാപിച്ചു. കേരളത്തിലെ സർവേ കപ്പലുകളും ഇതിൽ ഉൾപ്പെടുന്നു. ബിഹാർ, ജാർഖണ്ഡ്, പശ്ചിമ ബംഗാൾ എന്നിവിടങ്ങളിലെ റോപാക്സ് ബെർത്തിംഗ് ജെട്ടികളും ഉത്തർപ്രദേശ്, ബിഹാർ, പശ്ചിമ ബംഗാൾ എന്നിവിടങ്ങളിലെ ഫ്ളോട്ടിംഗ് പോണ്ടൂണുകളും ക്വിക്ക് ഓപ്പണിംഗ് മെക്കാനിസങ്ങളും, ഹൈബ്രിഡ് സർവേ വെസലുകൾ, ആംഫിബിയൻ, കട്ടർ സക്ഷൻ ഡ്രെഡ്ജറുകൾ, ടഗ്ബാർജ് യൂണിറ്റുകൾ എന്നിവയും ഇതിൽ ഉൾപ്പെടുന്നു. കൊച്ചിയിൽ സ്ലിപ്പ് വേ സൗകര്യം വികസിപ്പിക്കുക, ഒഡീഷ (25) വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ (85) എന്നിവിടങ്ങളിലായി 110 ജെട്ടികളുടെ നിർമ്മാണം, മഹാരാഷ്ട്രയിൽ നാഷണൽ റിവർ ട്രാഫിക് ആൻഡ് നാവിഗേഷൻ സിസ്റ്റം നടപ്പിലാക്കൽ, ഗുവാഹത്തിയിലെ ഉസാൻ ബസാർ ഘട്ടിൽ 70 കോടി രൂപയുടെ ക്രൂയിസ് ടെർമിനൽ വികസിപ്പിക്കൽ, ബ്രഹ്മപുത്രയിലെ ദിബ്രുഗഡിലുള്ള ബോഗിബീൽ നദീതട തുറമുഖത്തേക്ക് 144 കോടി രൂപയുടെ അപ്രോച്ച് റോഡ് കണക്റ്റിവിറ്റി പദ്ധതി എന്നിവയുൾപ്പെടെ 900 കോടിയിലധികം രൂപയുടെ പ്രധാന പുതിയ പദ്ധതികളെക്കുറിച്ച് കൗൺസിലിൽ ചർച്ച ചെയ്തു.

ഹിമാചൽ പ്രദേശ് ഉപമുഖ്യമന്ത്രി മുകേഷ് അഗ്നിഹോത്രി, ബിഹാർ ഗതാഗത മന്ത്രി ശർവൻ കുമാർ, നാഗാലാൻഡ് ഊർജ്ജ, പാർലമെന്ററി കാര്യ മന്ത്രി കെ.ജി. കെൻയെ, അരുണാചൽ പ്രദേശ് ഗ്രാമവികസന മന്ത്രി ഒജിംഗ് താസിംഗ്, ഉത്തർപ്രദേശ് ഗതാഗത മന്ത്രി ദയാശങ്കർ സിംഗ്, പഞ്ചാബ് ജലവിഭവ മന്ത്രി ബരീന്ദർ കുമാർ ഗോയൽ എന്നിവരും യോഗത്തിൽ പങ്കെടുത്തു.



# ഇന്ത്യൻ കവചിത വാഹനം വാങ്ങാൻ ആഫ്രിക്കൻ, യൂറോപ്യൻ രാജ്യങ്ങൾ

**കാസബ്ലാങ്ക:** ആഗോള പ്രതിരോധ വിപണിയിൽ ഇന്ത്യയുടെ സാന്നിധ്യം ശക്തമാക്കിക്കൊണ്ട് ടാറ്റ ഗ്രൂപ്പിന്റെ കവചിത വാഹനങ്ങൾ ആഫ്രിക്കൻ, യൂറോപ്യൻ രാജ്യങ്ങളുടെ ശ്രദ്ധാകേന്ദ്രമാകുന്നു. മുമ്പ് ഇതേ ശ്രേണിയിലുള്ള ചൈനീസ് വാഹനങ്ങളായിരുന്നു ആഫ്രിക്കൻ രാജ്യങ്ങളിൽ ഉപയോഗിച്ചിരുന്നത്. ചൈനീസ് വാഹനങ്ങളുടെ വിശ്വാസ്യതയില്ലായ്മ, സ്പെയർ പാർട്സുകളുടെ ലഭ്യതക്കുറവ്, വിതരണ ശൃംഖലയിലെ തടസ്സങ്ങൾ എന്നിവമൂലം മുമ്പ് ചൈനയെ ആശ്രയിച്ചിരുന്നവർ ഇപ്പോൾ ടാറ്റയുടെ കവചിത വാഹനത്തിലേക്ക് ആകൃഷ്ടരായിട്ടുണ്ട്.

ആഫ്രിക്കയിലെ കഠിനമായ കാലാവസ്ഥയിൽ ചൈനീസ് എഞ്ചിനുകൾ പരാജയപ്പെടുന്നത് വലിയ പ്രതിസന്ധിയുണ്ടാക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ, ഡിആർഡിഒയും ടാറ്റയും ചേർന്ന് വികസിപ്പിച്ചതും നിലവിൽ ഇന്ത്യൻ സൈന്യത്തിന്റെ ഭാഗവുമായ WhAP 8×8 പരീക്ഷിക്കാൻ ആഫ്രിക്കൻ രാജ്യങ്ങൾ മുന്നോട്ടുവന്നിട്ടുണ്ട്. ഒരു രാജ്യത്തിന്റെ സൈന്യം ഔദ്യോഗികമായി സ്വീകരിച്ച പ്ലാറ്റ്ഫോം എന്നത് ഇതിന്റെ ഗുണമേന്മയുടെ തെളിവായി ആഗോള വിപണിയിൽ കണക്കാക്കും.

മൈനുകളിൽനിന്നുള്ള സ്ഫോടനങ്ങളെ പ്രതിരോധിക്കാൻ ഡബിൾ വി ആകൃതിയിലുള്ള ഹൾ ഡിസൈനാണ് ഉപയോഗിച്ചിരിക്കുന്നത്. ഇത് സ്ഫോടനത്തിന്റെ ആഘാതം പുറത്തേക്ക് തിരിച്ചുവിടാൻ സഹായിക്കുന്നു. കൂടാതെ, സ്ഫോടനസമയത്ത് സൈനികർക്ക് നട്ടെല്ലിനും തലയ്ക്കും പരിക്കേൽക്കാതിരിക്കാൻ പ്രത്യേക ആന്റിബ്ലാസ്റ്റ് സസ്പെൻഡഡ് സീറ്റുകൾ സജ്ജീകരിച്ചിട്ടുണ്ട്. വാഹനത്തിന്റെ അടിസ്ഥാന ഘടന മാറ്റാതെ തന്നെ വിവിധ ദൗത്യങ്ങൾക്കായി ഇതിനെ മാറ്റിയെടുക്കാം. ആംബുലൻസ്, കമാൻഡ് പോസ്റ്റ്, മോർട്ടാർ കാരിയർ, രാസജൈവആണവ പ്രതിരോധം എന്നിങ്ങനെ വിവിധ ആവശ്യങ്ങൾക്കായി ഈ പ്ലാറ്റ്ഫോം ഉപയോഗിക്കാം.

ചൈനീസ് നിർമ്മിത വാഹനങ്ങളെ അപേക്ഷിച്ച് എഞ്ചിൻ കരുത്തിലും അറ്റകുറ്റപ്പണികളുടെ എളുപ്പത്തിലും ടാറ്റയുടെ കവചിത വാഹനം മികച്ചു നിൽക്കുന്നു. നിലവിൽ ഇന്ത്യൻ സൈന്യവും സിആർപിഎഫും ഈ വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ട് എന്നത് പ്രവർത്തനക്ഷമതയ്ക്കുള്ള അംഗീകാരമാണ്.

**സൊസൈറ്റി ടുഡേ**

റിപ്പബ്ലിക് ദിനം പ്രമാണിച്ച് ഇന്ന് ഓഫീസ് അവധിയായതിനാൽ നാളെ (ചൊവ്വ) സൊസൈറ്റി ടുഡേ ഉണ്ടായിരിക്കുന്നതല്ല






# ഇന്നത്തെ പരിപാടി

**കൊച്ചി**

- **എറണാകുളം ശിവക്ഷേത്രം :** എറണാകുളത്തപ്പന്റെ തിരുവൽസവത്തോടനുനബന്ധിച്ച് ശീവേലി മേളം പത്മശ്രീ പെരുവനം കുട്ടൻ മാരാർ രാവിലെ 08 ന്, ഉൽസവക്കൂത്ത് അവതരണം മാർഗ്ഗി മധു ചാക്യാർ രാവിലെ 10.30ന്
- **എറണാകുളം മറൈൻ ഡ്രൈവ്:** കേരള സ്റ്റീൽ എക്സ്പോ രാവിലെ 10 മുതൽ

# 'റിപ്പിൾസ് ഓഫ് ലൈഫ്': പിന്തുണയുമായി കെ.വി.വി.ഇ.എസ് യൂത്ത് വിങ്

**കൊച്ചി:** മരണാനന്തര അവയവ ദാനത്തെക്കുറിച്ച് സമൂഹത്തിൽ അവബോധം സൃഷ്ടിക്കുന്നതിനും മരണാനന്തരം അവയവം ദാനം ചെയ്യുവാൻ ആഗ്രഹിക്കുന്നവരുടെ രജിസ്ട്രേഷൻ നടപടികളുടെ പ്രചരണാർത്ഥവും റോട്ടറി കൊച്ചിൻ ഡൗൺടൗൺ, ഐ.എം.എ കൊച്ചി എന്നിവരുടെ നേതൃത്വത്തിൽ ജനുവരി 31 ന് എറണാകുളം കടവന്ത്ര രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ സംഘടിപ്പിക്കുന്ന 'റിപ്പിൾസ് ഓഫ് ലൈഫ്' ബോധവൽക്കരണ പരിപാടിയുമായി കേരള വ്യാപാരി വ്യവസായി ഏകോപന സമിതി യൂത്ത് വിങ് എറണാകുളം ജില്ലാ കമ്മിറ്റി കൈകോർക്കുന്നു.

യൂത്ത് വിംഗ് സംസ്ഥാന വർക്കിംഗ് പ്രസിഡന്റും ജില്ലാ പ്രസിഡന്റുമായ പ്രദീപ് ജോസിന്റെ നേതൃത്വത്തിൽ ജനുവരി 28 ന് കൊച്ചി നഗരത്തിൽ യൂത്ത് വിംഗ് പ്രവർത്തകർ അണിനിരക്കുന്ന അവയവദാന ബോധവൽക്കരണ വാഹനറാലി നടത്തും. തമ്മനം പുതിയ റോഡിലെ ജില്ലാ വ്യാപാര ഭവനിൽ നിന്നും വൈകുന്നേരം നാലിന് ആരംഭിക്കുന്ന വാഹന റാലി കേരള വ്യാപാര വ്യവസായ ഏകോപന സമിതി സംസ്ഥാന വൈസ് പ്രസിഡന്റും ജില്ലാ പ്രസിഡന്റുമായ പി.സി ജേക്കബ്ബ് ഫ്ളാഗ് ഓഫ് ചെയ്യും. പാലാരിവട്ടം, കലൂർ, ജംഗഷനുകളിലൂടെ സഞ്ചരിച്ച് കലൂർകതൃക്കടവ് റോഡ് വഴി കടവന്ത്ര ഇൻഡോർ സ്റ്റേഡിയത്തിൽ എത്തുന്ന റാലിയ്ക്ക് 'റിപ്പിൾസ് ഓഫ് ലൈഫ്' സംഘടാക സമിതി ഭാരവാഹികൾ സ്വീകരണം നൽകും. റോട്ടറി ഡിസ്ട്രിക്റ്റ് 3205, റോട്ടറി കൊച്ചിൻ ഡൗൺടൗൺ, എം.ജി യൂണിവേഴ്സിറ്റി നാഷണൽ സർവ്വീസ് സ്കീം യൂണിറ്റ്, ലിവർ ഫൗണ്ടേഷൻ ഓഫ് കേരള, കടവന്ത്ര റീജ്യണൽ സ്പോർട്സ് സെന്റർ, കേരള സ്റ്റേറ്റ് ഓർഗൻ ആന്റ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (കെ സോട്ടോ) എന്നിവരുടെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന 'റിപ്പിൾസ് ഓഫ് ലൈഫ് ' ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യും. സമൂഹത്തിന്റെ നാനാതുറകളിലുള്ളവർ കൂടാതെ ചടങ്ങിൽ വിവധ കോളജുകളിൽ നിന്നായി രണ്ടായിരത്തിൽ പരം വിദ്യർത്ഥികളും പങ്കെടുക്കും.

## ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ

**കൊച്ചി:** കേരള സർക്കാർ സ്ഥാപനമായ കേരള സ്റ്റേറ്റ് റൂട്രോണിക്സ്, സർട്ടിഫിക്കറ്റോട് കൂടി തിരുവനന്തപുരം ആറ്റിങ്ങൽ അംഗീകൃത പഠനകേന്ദ്രങ്ങളിലേക്ക് ഒരുവർഷത്തെ പ്രൊഫഷണൽ ഡിപ്ലോമ ഇൻ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ കോഴ്സിലേക്ക് ഇൻറ്റേൺഷിപ്പോടുകൂടി റഗുലർ, പാർട്ട് ടൈം ബാച്ചുകളിലേക്ക് +2 കഴിഞ്ഞവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു.ഫോൺ 7994926081

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ആലുവ പോസ്റ്റ് മെട്രിക് ബോയ്സ് ഹോസ്റ്റലിലേക്ക് പട്ടിക ജാതി /പട്ടിക വർഗം/ മറ്റർഹ / ജനറൽ വിഭാഗം ഒഴിവുകളിൽ പോസ്റ്റ് മെട്രിക് വകുപ്പിന്റെ ഇ ഗ്രാൻഡ് ആനുകൂല്യം ലഭിക്കുന്ന കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ നിശ്ചിത മാതൃകയിലുള്ള അപേക്ഷ (പഠിക്കുന്ന സ്ഥാപനത്തിലെ പ്രിൻസിപ്പാൾ ഓപ്പോടു കൂടി) ജാതി, വരുമാനം, നേറ്റിവിറ്റി, സ്വഭാവ സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റുകൾ എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും, പഠിക്കുന്ന സ്ഥാപനത്തിൽ ഹോസ്റ്റൽ സൗകര്യം ലഭ്യമാണെങ്കിൽ ട ഹോസ്റ്റലിൽ പ്രവേശനം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രവും സഹിതം ജനുവരി 31 വൈകിട്ട് 5 ന് മുമ്പായി കാക്കനാട് സിവിൽ സ്റ്റേഷനിൽ മൂന്നാം നിലയിൽ പ്രവർത്തിക്കുന്ന എറണാകുളം ജില്ലാ പട്ടികജാതി വികസന ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. വിശദ വിവരങ്ങൾക്കും അപേക്ഷ ഫോറത്തിനും എറണാകുളം ജില്ലാ പട്ടികജാതി വികസന ഓഫീസ്, ആലുവ പ്രീ എക്സാമിനേഷൻ ട്രെയിനിങ് സെന്റർ എന്നിവിടങ്ങളിൽ ബന്ധപ്പെടാവുന്നതാണ് .

## അഭിമുഖം

**കൊച്ചി:** എറണാകുളം ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ ഹൈ സ്കൂൾ ടീച്ചർ ഹിന്ദി (ഡയറക്റ്റ് റിക്രൂട്ട്മെന്റ്) (കാറ്റഗറി No.604/2024) തിരഞ്ഞെടുപ്പിനായുള്ള അഭിമുഖം ജനുവരി 28, 29, 30 തിയതികളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എറണാകുളം മേഖലാ ഓഫീസിൽ നടത്തുന്നതാണ്. രാവിലെ 09.30 ന് നിശ്ചയിച്ചിട്ടുള്ള അഭിമുഖത്തിന് മുന്നോടിയായുള്ള വെരിഫിക്കേഷന് അതത് ദിവസം രാവിലെ 07.30 നും, ഉച്ചയ്ക്ക് 12.00ന് നിശ്ചയിച്ചിട്ടുള്ള അഭിമുഖത്തിന് മുന്നോടിയായുള്ള വെരിഫിക്കേഷൻ അതത് ദിവസം രാവിലെ 09.30 നും നടക്കും. അസ്സൽ പ്രമാണങ്ങൾ, ഒ ടി വി സർട്ടിഫിക്കറ്റ്, അഡ്മിഷൻ ടിക്കറ്റ്, ബയോഡാറ്റ എന്നിവ സഹിതം ഉദ്യോഗാർത്ഥികൾ കൃത്യസമയത്ത് ബന്ധപ്പെട്ട ഓഫീസിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

# എൻ.ഡി.എ പ്രവേശം കേരള വികസനം സാധ്യമാക്കാൻ : സാബു എം. ജേക്കബ്



**കൊച്ചി:** കേരളത്തിന്റെ സമഗ്ര വികസനം സാധ്യമാക്കുക എന്ന ട്വന്റി20 പാർട്ടിയുടെ പ്രഖ്യാപിത നയം നടപ്പാക്കുന്നതിനാണ് എൻ.ഡി.എയുടെ ഘടകകക്ഷിയായതെന്ന് പാർട്ടി പ്രസിഡന്റ് സാബു എം. ജേക്കബ് പറഞ്ഞു വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ജനക്ഷേമത്തിനായി അഴിമതി രഹിത സത്ഭരണം കാഴ്ച്ചവച്ച ട്വന്റി20 പാർട്ടിയെ ഉന്മൂലനം ചെയ്യുന്നതിനാണ് ഇടത് , വലത് സഖ്യം ഒരുമിച്ച് ശ്രമിച്ചുവരുന്നത്. കഴിഞ്ഞ തദ്ദേശ തിരഞ്ഞെടുപ്പിൽ എസ്.ഡി.പി.ഐ, പി.ഡി.പി, വെൽഫെയർ പാർട്ടി ഉൾപ്പെടെയുള്ള വർഗീയ ശക്തികൾക്കൊപ്പം ട്വന്റി20 യെ ഇല്ലാതാക്കാൻ ഈ അവിശുദ്ധ കൂട്ടുകെട്ട് ഒന്നിച്ച് രംഗത്തിറങ്ങിയത് കേരള സമൂഹം മറന്നിട്ടില്ല.

ഇടതിന്റെയും വലതിന്റെയും കപടതയെയാണ് ഇതിലൂടെ വ്യക്തമാകുന്നത്. അഴിമതിക്കും, അക്രമത്തിനും, വികസന മുരടിപ്പിനുമെതിരെ പ്രവർത്തിക്കുന്ന ട്വന്റി20 പാർട്ടിയെ വിമർശിക്കാൻ ഇവർക്ക് എന്ത് യോഗ്യതയാണുള്ളതെന്ന് സാബു എം. ജേക്കബ് ചോദിച്ചു. അഴിമതി രഹിതവും ജനക്ഷേമത്തിലൂന്നിയുള്ള വികസനം നടപ്പാക്കി വിജയിച്ച ഈ മാതൃക കേരളം മുഴുവൻ വ്യാപിപ്പിക്കുകയാണ് എൻ.ഡി.എ മുന്നണിയുടെ ഭാഗമാകുന്നതിലൂടെ പാർട്ടി ലക്ഷ്യമിടുന്നതെന്ന് സാബു എം. ജേക്കബ് പറഞ്ഞു. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾ അതിവേഗം വളർച്ച കൈവരിക്കുമ്പോൾ കേരളം വൃദ്ധസദനമായി മാറുകയാണ്. ഇടത്‌വലത് മുന്നണികൾ സ്വീകരിച്ചുവരുന്ന പിന്തിരിപ്പൻ സമീപനം മൂലം ഏഴ് പതിറ്റാണ്ടായിട്ടും ഇന്നും കേരളം പിന്നോക്കാവസ്ഥയിലാണ്. ന്യൂനപക്ഷത്തിന്റെ ആശങ്കകൾ പരിഹരിക്കാനും ക്ഷേമം ഉറപ്പാക്കാനും നാളിതുവരെ ഇടത് വലത് മുന്നണികൾക്കായിട്ടില്ല. എന്നാൽ ട്വന്റി20യുടെ എൻ.ഡി.എ പ്രവേശനം നൂനപക്ഷങ്ങളുടെ അവകാശവും സംരക്ഷണവും ഉറപ്പാക്കും. ഇക്കാര്യത്തിൽ ആരും ആശങ്കപ്പെടേണ്ടതില്ലെന്നും സാബു ജേക്കബ് ഉറപ്പ് നൽകി.

കാലഘട്ടത്തിന്റെ അനിവാര്യതയായ സാങ്കേതിക വിദ്യയും, പ്രൊഫഷണലിസവും സമുന്നയിപ്പിച്ചുള്ള രാഷ്ട്രീയ സമീപനമാണ് കേരളത്തിന്റെ സമഗ്ര വികസനത്തിന് ആവശ്യം. മറ്റ് സംസ്ഥാനങ്ങൾ സമസ്ത മേഖലയിലും അതിവേഗം മുന്നേറുമ്പോൾ കേരളം പിന്നോക്കം പോകുകയാണ്. ഇതിൽ നിന്നുമുള്ള കേരളത്തിന്റെ ഉയർത്തെഴുന്നേൽപ്പാണ് ട്വന്റി20യുടെ മുന്നണി പ്രവേശനത്തിലൂടെ ലക്ഷ്യം വയ്ക്കുന്നതെന്നും സാബു ജേക്കബ് പറഞ്ഞു. ട്വന്റി 20 പാർട്ടി വൈസ് പ്രസിഡന്റ് വി, ഗോപകുമാർ, സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റീ മെമ്പർ ചാർലി പോൾ, ചെയർമാൻ ബോബി ജേക്കബ് എന്നിവരും വാർത്ത സമ്മേളനത്തിൽ പങ്കെടുത്തു.




# കേരള സയൻസ് കോൺഗ്രസ്: മദ്യനയത്തിലും മാരക രാസലഹരി വ്യാപനത്തിലും മുന്നണികൾ നിലപാട് വ്യക്തമാക്കണം: കെ.സി.ബി.സി

**കൊച്ചി:** ആസന്നമായ നിയമസഭാ തെരഞ്ഞെടുപ്പിന് മുമ്പായി ഇടത്, വലത്, എൻഡിഎ മുന്നണികൾ മദ്യനയത്തിലും മാരക രാസലഹരികളുടെ വ്യാപനത്തിലും നിലപാട് വ്യക്തമാക്കണമെന്ന് സഭാ ആസ്ഥാനത്ത് നടന്ന കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ അർദ്ധവാർഷിക ജനറൽ ബോഡി സമ്മേളനം ആവശ്യപ്പെട്ടു.

മദ്യനയ കാര്യത്തിൽ മുൻകാലങ്ങളിൽ പുറത്തിറക്കിയ പ്രകടനപത്രികകൾ പ്രഹസന പത്രികകളായി മാറ്റുന്നതിനാലാണ് മദ്യലഹരി വിഷയത്തിൽ പരസ്യനിലപാട് വ്യക്തമാക്കണമെന്ന് സമ്മേളനം ഐക്യകണ്ഠേന ആവശ്യപ്പെട്ടത്. ആര് എവിടെ ചോദിച്ചാലും മദ്യശാലകൾ അനുവദിച്ചുകൊടുക്കുന്ന നയമാണ് മദ്യവർജ്ജനം പ്രഖ്യാപിച്ചും, തങ്ങൾ അധികാരത്തിൽ വന്നാൽ നിലവിലുള്ള മദ്യത്തിൽ നിന്നും ഒരു തുള്ളി മദ്യം പോലും കൂടുതലായി അനുവദിക്കില്ലെന്നും പറഞ്ഞ് അധികാരത്തിലേറിയവർ ചെയ്തുകൊണ്ടിരിക്കുന്നത്.

മദ്യത്തിന് പേരിടാനും ലോഗോ നിർമ്മിക്കാനും അപേക്ഷ ക്ഷണിച്ച സർക്കാരാണിത്. മദ്യം ഹോം ഡെലിവറി ചെയ്യാൻ പദ്ധതി ആസൂത്രണം ചെയ്ത് പരാജയപ്പെട്ടു. കള്ള് ഷാപ്പുകൾ ഒന്നാകെ ഭക്ഷണം വിതരണം ചെയ്യുന്ന ഹോട്ടലുകളായി മാറി. നഗ്നമായ അബ്കാരി ലംഘനങ്ങൾ മദ്യവകുപ്പിന് കീഴിൽ നടന്നിട്ടും കണ്ടില്ലെന്ന് നടിക്കുന്നു. മദ്യത്തിന്റെ ലഭ്യതകുറവാണ് മയക്കുമരുന്നുകൾ വർദ്ധിക്കുന്നതിന് കാരണമെന്ന് പ്രചരിപ്പിച്ചവർക്ക് യഥേഷ്ടം മദ്യം ലഭ്യമാക്കിയിട്ടും നാട് മയക്കുമരുന്നുകളുടെ ഹബ്ബായി മാറിയതിൽ മറുപടിയില്ല.

തെരഞ്ഞെടുപ്പിൽ മദ്യ നയവും രാസലഹരികളുടെ വ്യാപനവും പൊതുസമൂഹത്തിൽ ചർച്ചാവിഷയമാക്കുമെന്നും സമ്മേളനം മുന്നറിയിപ്പ് നൽകി.

## മിനി മാരത്തൺ സംഘടിപ്പിച്ചു

**കൊച്ചി:** 38ാമത് കേരള സയൻസ് കോൺഗ്രസിന് മുന്നോടിയായി മിനി മാരത്തൺ സംഘടിപ്പിച്ചു. ജില്ലാ കളക്ടർ ജി. പ്രിയങ്ക മാരത്തൺ ഫ്ളാഗ് ഓഫ് ചെയ്തു. പൊതുസമൂഹത്തിന് ശാസ്ത്രബോധവും ആരോഗ്യ പരിപാലനത്തിന്റെ സന്ദേശവും നൽകാൻ മിനി മാരത്തോൺ സഹായകരമാകുമെന്ന് കളക്ടർ പറഞ്ഞു. സെന്റ് ആൽബർട്ട്സ് കോളേജ് ക്യാമ്പസിൽ നിന്ന് ആരംഭിച്ച മാരത്തൺ കലൂർ സ്പോർട്സ് ക്യാമ്പസിൽ സമാപിച്ചു. ശാസ്ത്രബോധം, ആരോഗ്യ ബോധവത്കരണം, സാമൂഹിക ഉത്തരവാദിത്വം എന്നിവ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് മിനി മാരത്തൺ സംഘടിപ്പിച്ചത്.

ജനുവരി 30 മുതൽ ഫെബ്രുവരി 2 വരെ എറണാകുളം സെന്റ് ആൽബർട്സ് കോളേജ് ക്യാമ്പസിൽ നടക്കുന്ന 38ാമത് കേരള സയൻസ് കോൺഗ്രസിൽ ഇന്ത്യയിലെ പ്രമുഖ ശാസ്ത്രജ്ഞരും ഗവേഷകരും പങ്കെടുക്കും. 200ലധികം സ്ഥാപനങ്ങൾ പങ്കെടുക്കുന്ന ശാസ്ത്ര പ്രദർശനവും സമ്മേളനത്തിന്റെ ഭാഗമായി നടക്കും. ഫെബ്രുവരി ഒന്നിന് മുഖ്യമന്ത്രി പിണറായി വിജയൻ ശാസ്ത്ര കോൺഗ്രസിന്റെ ഔദ്യോഗിക ഉദ്ഘാടനം നിർവഹിക്കും. കോളേജ് ചെയർമാൻ ഫാ. ഡോ. ആന്റണി തോപ്പിൽ, പ്രിൻസിപ്പൽ പ്രൊഫ. ഡോ. ജോസഫ് ജസ്റ്റിൻ റെബെല്ലോ, കെ.എസ്.സി.എസ്.ടി.ഇ നാറ്റ്പാക് സയന്റിസ്റ്റ് ബി. അനീഷ് കിനി, കെ.എസ്.സി.എസ്.ടി.ഇ പ്രൊജക്റ്റ് സയന്റിസ്റ് ഡോ. ഇബ്രാഹിം ബാത്തിസ് തുടങ്ങിയവർ മിനി മാരത്തോണിന് നേതൃത്വം നൽകി. വിദ്യാർത്ഥികൾ, അധ്യാപകർ, ശാസ്ത്രജ്ഞർ, കായിക പ്രേമികൾ തുടങ്ങിയവർ പങ്കെടുത്തു.

## പ്ളാസ്റ്റിക് സർജറി ക്യാമ്പ്

**കൊച്ചി:** പൊള്ളലും മറ്റ് അപകടങ്ങൾ മൂലവുംഉണ്ടാകുന്ന വൈകല്യങ്ങളും വൈരൂപ്യങ്ങളും പരിഹരിക്കുന്നതിനായി എറണാകുളം സ്പെഷ്യലിസ്റ്റ് ആശുപത്രിയിലെ പ്ലാസ്റ്റിക് സർജറി വിഭാഗത്തിൽ ഈ മാസം 27 മുതൽ ഫെബ്രുവരി 12 വരെ എല്ലാ ദിവസങ്ങളിലും ഉച്ച കഴിഞ്ഞു 2 മണി മുതൽ 4 മണി വരെ പ്രത്യേക ക്യാമ്പ് നടത്തും.

ഡോ. ജയകുമാർ, ഡോ. സെന്തിൽ കുമാർ,ഡോ. ആശ സിറിയക് , ഡോ. ദിവ്യ, ഡോ. കെ.ആർ രാജപ്പൻ എന്നിവർ ക്യാമ്പിന് നേതൃത്വം നൽകും. ക്യാമ്പിൽ പങ്കെടുക്കുന്നവരിൽ നിന്നും അർഹരായ രോഗികളെ തിരഞ്ഞെടുത്ത് ചികിത്സാ ഇളവുകളും സൗജന്യ ചികിത്സയും നൽകുമെന്ന് ആശുപത്രി അധികൃതർ അറിയിച്ചു.

## കേരളത്തിലെ സി എസ് ആർ ഫണ്ടുകൾ കലാ,സാംസ്ക്കാരിക മേഖലകളിൽ ചെലവഴിക്കുന്നില്ല




**കൊച്ചി:** കേരളത്തിലെ സി.എസ്.ആർ ഫണ്ടുകൾ കലയും സംസ്കാരവും ലക്ഷ്യമാക്കി ചെലവഴിക്കുന്നത് വളരെ കുറവാണെന്ന് കൊച്ചി മുസിരിസ് ബിനാലെ സ്ഥാപക പ്രസിഡന്റ് ബോസ് കൃഷ്ണമാചാരി. കൊച്ചിയിലെ ഹോട്ടൽ ബ്രൺടൺ ബോട്ട് യാർഡിൽ സംഘടിപ്പിച്ച ടൈ കേരള ലീഡർഷിപ്പ് ടോക്ക് സെഷനിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളത്തിലെ മിക്ക വലിയ കോർപ്പറേറ്റുകളുടെയും സി എസ് ആർ ഫണ്ടുകൾ കലാ സാംസ്കാരിക സംരംഭങ്ങൾക്കായി സംസ്ഥാനത്ത് വിനിയോഗിക്കപ്പെടുന്നില്ല. വർഷങ്ങളായി ബിനാലെ സംഘടിപ്പിക്കുന്നതിനിടെ നേരിട്ട വിവിധ വെല്ലുവിളികളെക്കുറിച്ച് അദ്ദേഹം സംസാരിച്ചു. സ്പോൺസർഷിപ്പുകളുടെ കുറവ്, പൈതൃക മേഖലയിലെ പ്രധാന വേദികളുടെ ഉടമകളിൽ നിന്നുള്ള സമ്മർദ്ദം തുടങ്ങിയ നിരവധി നിയന്ത്രണങ്ങൾ ഉണ്ടായിരുന്നിട്ടും കൊച്ചി മുസിരിസ് ബിനാലെ ടീം വർഷങ്ങളായി മികച്ച പുരോഗതി കൈവരിച്ചതായി അദ്ദേഹം പറഞ്ഞു. ധനസഹായത്തിന്റെ വലിയൊരു പങ്ക് മുംബൈ, ഡൽഹി എന്നിവിടങ്ങളിലെയും രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിൽ നിന്നാണെന്ന് സെഷനിൽ സംസാരിച്ച കൊച്ചി മുസിരിസ് ബിനാലെ സി.ഇ.ഒ തോമസ് വർഗീസ് വ്യക്തമാക്കി. ടൈ കേരളയുടെ മുൻ പ്രസിഡന്റും കെ എസ് ഐ ഡി സി ചെയർമാനുമായ ബാലഗോപാൽ ചന്ദ്രശേഖർ, നഗരത്തിലെ കലയും സംസ്കാരവും പ്രോത്സാഹിപ്പിക്കുന്നതിൽ ബിനാലെയുടെ പ്രധാന പങ്കിനെക്കുറിച്ചുള്ള തന്റെ കാഴ്ചപ്പാടുകൾ പങ്കുവെച്ചു. ഇതിലൂടെ സംസ്ഥാനത്തിന്റെ സൃഷ്ടിപരമായ സമ്പദ്വ്യവസ്ഥയുടെ വളർച്ചക്കും വികസനത്തിനും വഴിയൊരുങ്ങുന്നുവെന്നും അദ്ദേഹം പറഞ്ഞു. ടൈ കേരള പ്രസിഡന്റ് വിവേക് കൃഷ്ണ ഗോവിന്ദ് സെഷൻ നിയന്ത്രിച്ചു. സെഷന് മുമ്പ് ടൈ കേരളയുടെ ചാർട്ടർ അംഗങ്ങൾ ബിനാലെയുടെ പ്രധാന വേദികൾ സന്ദർശിക്കുകയും എല്ലാ പ്രധാന പങ്കാളികളുമായി സംവദിക്കുകയും ചെയ്തു.

# കേരള സയൻസ് കോൺഗ്രസ് ജനുവരി 30 മുതൽ

**കൊച്ചി:** കേരള സർക്കാർ സ്ഥാപനമായ കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ (കെ .എസ്. സി.എസ്.റ്റി.ഇ) നേതൃത്വത്തിൽ 38ാമത് കേരള സയൻസ് കോൺഗ്രസ് സംഘടിപ്പിക്കുന്നു. ജനുവരി 30 മുതൽ ഫെബ്രുവരി 2 വരെ എറണാകുളം സെന്റ് ആൽബർട്സ് കോളേജിലാണ് സയൻസ് കോൺഗ്രസ് സംഘടിപ്പിക്കുന്നത്. ഫെബ്രുവരി ഒന്നിന് മുഖ്യമന്ത്രി പിണറായി വിജയൻ സയൻസ് കോൺഗ്രസ് ഉദ്ഘാടനം ചെയ്യും. കാർഷികഭക്ഷ്യ ശാസ്ത്രം, ബയോടെക്നോളജി, പരിസ്ഥിതി ശാസ്ത്രം, ആരോഗ്യ ശാസ്ത്രം, ഭൗതിക ശാസ്ത്രം, എഞ്ചിനീയറിങ്ങും സാങ്കേതികവിദ്യയും, മത്സ്യബന്ധനമൃഗസംരക്ഷണ ശാസ്ത്രം, ശാസ്ത്രീയ സാമൂഹിക ഉത്തരവാദിത്വം എന്നിവ ഉൾപ്പെടെ 13 വിഷയമേഖലകളിലായുള്ള സാങ്കേതിക സെഷനുകൾ സയൻസ് കോൺഗ്രസിന്റെ ഭാഗമായി നടക്കും.

സയൻസ് കോൺഗ്രസിന്റെ ഭാഗമായി ശാസ്ത്രവും സാങ്കേതികവിദ്യയും പൊതുജനങ്ങളിലേക്കെത്തിക്കുക എന്ന ലക്ഷ്യത്തോടെ ശാസ്ത്ര പ്രദർശനവും സംഘടിപ്പിക്കും. ജനുവരി 30 മുതൽ ഫെബ്രുവരി രണ്ടുവരെ എറണാകുളം സെന്റ് ആൽബർട്സ് ഹയർ സെക്കൻഡറി സ്കൂളിൽ സംഘടിപ്പിക്കുന്ന പ്രദർശനത്തിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 165 സ്ഥാപനങ്ങളും സംഘടനകളും പങ്കെടുക്കും. ദേശീയ ഗവേഷണ സ്ഥാപനങ്ങൾ, സംസ്ഥാന ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾ, സർവകലാശാലകൾ, സർക്കാർ വകുപ്പുകൾ, എൻജിഒ കൾ, ഇൻക്യുബേറ്ററുകൾ, സ്റ്റാർട്ടപ്പുകൾ, വിവിധ സംസ്ഥാന ശാസ്ത്ര കൗൺസിലുകൾ എന്നിവയുടെ വിപുലമായ പങ്കാളിത്തം പ്രദർശനത്തിന്റെ പ്രത്യേകതയായിരിക്കും. സമുദ്ര ശാസ്ത്രം, ബ്ലൂ ഇക്കണോമി, കാലാവസ്ഥാ മാറ്റം, ജൈവവൈവിധ്യ സംരക്ഷണം, സുസ്ഥിര വികസനം തുടങ്ങിയ മേഖലകളിലെ നവീന ഗവേഷണങ്ങളും സാങ്കേതിക മുന്നേറ്റങ്ങളും പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും നേരിട്ട് പരിചയപ്പെടാൻ ദേശീയ ശാസ്ത്ര പ്രദർശനം വേദിയാകും.പിജി വിദ്യാർത്ഥികളുമായുള്ള സംവേദന സെഷനുകൾ, വാക്ക് വിത്ത് ദ സയന്റിസ്റ്റ്, പ്രാദേശിക പ്രശ്നങ്ങൾക്ക് ശാസ്ത്രീയ പരിഹാരങ്ങൾ, വിവിധ സംസ്ഥാനങ്ങളിലെ ശാസ്ത്ര സാങ്കേതിക കൗൺസിലുകൾ പങ്കെടുക്കുന്ന നാഷണൽ സയൻസ് മീറ്റ് തുടങ്ങിയ പ്രത്യേക പരിപാടികളും കോൺഗ്രസിന്റെ ഭാഗമായിരിക്കും. സയൻസ് കോൺഗ്രസിന്റെ പ്രധാന ആകർഷണങ്ങളിൽ ഒന്നായ മെമ്മോറിയൽ ലക്ചർ പരമ്പര ഇതിനോടകം ആരംഭിച്ചുകഴിഞ്ഞു. സയൻസ് കോൺഗ്രസിന്റെ ഫോകൽ തീമായ ഓഷ്യൻ സയൻസ് ഫോർ ബ്ലൂ എക്കണോമി ആന്റ് എക്കോ സിസ്റ്റം റീസ്റ്റോറേഷൻ ആസ്പദമാക്കി ഭൂവിജ്ഞാന മന്ത്രാലയ സെക്രട്ടറി ഡോ. എം. രവിചന്ദ്രൻ, കേരള ഫീഷറീസ്സമുദ്രപഠന സർവ്വകലാശാല വൈസ് ചാൻസലർ പ്രൊഫ. എ. ബിജുകുമാർ എന്നിവരുടെ പ്രത്യേക പ്രഭാഷണങ്ങളും നടക്കും. ഉദ്ഘാടന സമ്മേളനത്തിൽ കേരള ശാസ്ത്ര പുരസ്കാരം, കേരള സംസ്ഥാന യുവ ശാസ്ത്രജ്ഞ പുരസ്കാരം, മികച്ച ശാസ്ത്രജ്ഞ പുരസ്കാരം, ശാസ്ത്ര സാഹിത്യ പുരസ്കാരങ്ങൾ എന്നിവ ഉൾപ്പെടെയുള്ള കേരള സർക്കാരിന്റെ ശാസ്ത്ര സാങ്കേതിക പുരസ്കാരങ്ങൾ വിതരണം ചെയ്യും.



# ഹൃദയം കൊണ്ട് കഥ നെയ്ത പരവതാനികളുമായി ഒരു കൂട്ടം വനിതകൾ

**കൊച്ചി:** മനസ്സിലെ തോന്നൽ പരവതാനികളായി നെയ്തെടുക്കുകയാണ് ഫോർട്ട് കൊച്ചി ബാസ്റ്റ്യൻ ബംഗ്ലാവിലെ എബിസി ആർട്ട് റൂമിൽ പ്രദർശിപ്പിച്ചിരിക്കുന്ന 'മൻചാഹ' എന്ന പരിശീലന കളരി. സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ടുള്ള ജയ്പൂർ റഗ്സിന്റെ പ്രത്യേക വിഭാഗമാണ് മൻചാഹ. ഓരോ കൈത്തറി പരവതാനികൾക്കും ഓരോ കഥകൾ പറയാനുണ്ട്. പരമ്പരാഗതമായ അറിവുകളും പ്രകൃതിയും സംസ്കാരവും സമന്വയിപ്പിച്ചാണ് ആകർഷകമായ നിറങ്ങളിലും രൂപങ്ങളിലും മനോഹരമായ പരവതാനികൾ ഒരുക്കിയിരിക്കുന്നത്. ഓരോ കലാകാരിയുടെയും ജീവിതാനുഭവങ്ങളെയും അവർക്ക് ചുറ്റുമുള്ള ലോകത്തെയും അടയാളപ്പെടുത്തുന്ന ഈ പരവതാനികൾ പലപ്പോഴും അവരുടെ ജീവിതത്തിൽ ഉണ്ടായ മാറ്റങ്ങളുടെ കൂടി പ്രതിഫലനം കൂടിയാണ്. പുറത്തുപോയി ജോലി ചെയ്യാൻ സാഹചര്യമില്ലാത്ത സ്ത്രീകൾ തങ്ങളുടെ വീടുകളിലിരുന്ന് മിച്ചം വരുന്ന നൂലുകൾ ഉപയോഗിച്ചാണ് ഇത് നിർമ്മിക്കുന്നതെന്നും മൻ ചാഹ ഫെസിലിറ്റേറ്റർ അഞ്ജനി റാവൽ വിശദീകരിച്ചു. ഓരോ ആറ് മുതൽ എട്ട് ഇഞ്ച് വരെ നെയ്തുകഴിയുമ്പോൾ അവർ ആ പരവതാനി ചുരുട്ടിവെക്കുകയും തുടർന്ന് പുതിയ ആശയങ്ങൾ ലഭിക്കുമ്പോൾ നെയ്ത്ത് തുടരുകയും ചെയ്യുന്നു.

നന്ദ് കിഷോർ ചൗധരി രാജസ്ഥാനിൽ തുടക്കം കുറിച്ച ജയ്പൂർ റഗ്സിന് കീഴിൽ നിലവിൽ നാൽപ്പതിനായിരത്തിലധികം കലാകാരന്മാരുണ്ട്, ഇതിൽ ഭൂരിഭാഗവും സ്ത്രീകളാണ്. മുൻപ് പുരുഷന്മാർക്കും കുട്ടികൾക്കും മാത്രം ആധിപത്യമുണ്ടായിരുന്ന ഈ മേഖലയിൽ നിന്നും കുട്ടികളെയും ഇടനിലക്കാരെയും ഒഴിവാക്കി സ്ത്രീകളെ മുൻനിരയിലേക്ക് കൊണ്ടുവരികയാണ് മൻചാഹ ചെയ്തത്. രാജസ്ഥാനിലും ഉത്തർപ്രദേശിലുമുള്ള രണ്ടായിരത്തോളം ഗ്രാമീണ സ്ത്രീകൾ സ്വന്തം വീടുകളിലിരുന്ന് ജോലി ചെയ്യുന്നതിലൂടെ അവർക്ക് മെച്ചപ്പെട്ട വരുമാനവും മാനസികോല്ലാസവും ലഭിക്കുന്നു. ഓരോ പരവതാനിയും ഒരു ഡയറിക്കുറിപ്പ് പോലെ അവരുടെ ജീവിതാനുഭവങ്ങളെ കോർത്തിണക്കിയാണ് നിർമ്മിച്ചിരിക്കുന്നത്. അപകടത്തിൽ കേൾവിശക്തി നഷ്ടപ്പെട്ട രുക്മിണി ദേവി രൂപകൽപ്പന ചെയ്ത 'ചഞ്ചൽ' എന്ന സൃഷ്ടി ഒട്ടകങ്ങളുടെയും പസിലുകളുടെയും രൂപങ്ങൾ ചേർത്താണ് നെയ്തെടുത്തത്.

സന്ദർശകർക്കായി 'മേക്ക് യുവർ മൻചാഹ' എന്ന പേരിൽ ഒരു ക്രാഫ്റ്റ് ടേബിളും ഇവിടെ ഒരുക്കിയിട്ടുണ്ട്. ഇസ്രായേലിൽ നിന്നുള്ള ജൊനാഥൻ ഡേവിഡ്, ഫ്രാൻസിൽ നിന്നുള്ള ഫ്ലോ മാറ്റിയോൾ എന്നിവർ ഇവിടുത്തെ നെയ്ത്ത് രീതി ആസ്വദിച്ചു. കൊച്ചി ചുളിക്കൽ സ്വദേശിനിയായ ആയിഷ അയൂബ് ടഫ്റ്റിംഗ് എന്ന രീതി ഉപയോഗിച്ചുള്ള പരവതാനി നിർമ്മാണം സന്ദർശകർക്കായി പ്രദർശിപ്പിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY



# ജയ്ഹിന്ദ് സ്റ്റീൽ ഇനി കളർഷൈനിന്റെ കേരള വിതരണക്കാർ

**കൊച്ചി:** പ്രമുഖ സ്റ്റീൽ നിർമ്മാണ കമ്പനിയായ കളർഷൈൻ കോട്ടഡ് പ്രൈവറ്റ് ലിമിറ്റഡ് കേരളത്തിലെ തങ്ങളുടെ വിതരണക്കാരായി ജയ്ഹിന്ദ് സ്റ്റീലിനെ നിയമിച്ചു. കൊച്ചി ഹയാത്ത് ബോൾഗാട്ടിയിൽ നടന്ന 'ജയ്ഹിന്ദ് കളർഷൈൻ സംഗമം 2026' ചടങ്ങിലായിരുന്നു പ്രഖ്യാപനം.

കളർഷൈനിന്റെ സിഗ്നേച്ചർ, സ്പെക്ട്രം, മെറ്റാല്യൂം തുടങ്ങിയ വിവിധ ഉൽപ്പന്നങ്ങൾ ചടങ്ങിൽ അവതരിപ്പിച്ചു. കളർഷൈനിന്റെ ഉൽപ്പന്ന ഗുണമേന്മയും ജയ്ഹിന്ദ് സ്റ്റീലിന്റെ വിപുലമായ വിതരണ ശൃംഖലയും ചേരുന്നത് ഉപഭോക്താക്കൾക്ക് കൂടുതൽ ഗുണകരമാകുമെന്ന് കളർഷൈൻ സെയിൽസ് ആൻഡ് മാർക്കറ്റിംഗ് വൈസ് പ്രസിഡന്റ് സാവിയോ ലെയ്നെസ് പറഞ്ഞു. ഗുണമേന്മയുള്ള സേവനം ഉറപ്പാക്കുകയാണ് ലക്ഷ്യമെന്ന് ജയ്ഹിന്ദ് സ്റ്റീൽ മാനേജിംഗ് ഡയറക്ടർ ദിവ്യ കുമാർ ജെയിൻ വ്യക്തമാക്കി.

കളർ ഷൈൻ ഡയറക്ടർ രാജീവ് പി മേത്ത, സെയിൽസ് & മാർക്കറ്റിംഗ് മാനേജർ ബിനു തോമസ് എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

# ക്വാളിറ്റി കെയർ ഇന്ത്യ–ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ ലയനം: ഓഹരി ഉടമകളുടെയും കടപ്പത്ര ഉടമകളുടെയും യോഗം വിളിച്ചു ചേർക്കാൻ ഉത്തരവിട്ട് എൻസിഎൽടി

**കൊച്ചി:** ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ ലിമിറ്റഡും ക്വാളിറ്റി കെയർ ഇന്ത്യ ലിമിറ്റഡും തമ്മിലുള്ള ലയന നടപടികളിൽ സുപ്രധാന മുന്നേറ്റം. ലയനത്തിന് അംഗീകാരം തേടുന്നതിനായി ഓഹരി ഉടമകളുടെയും അൺസെക്യൂർഡ് ട്രേഡ് ക്രെഡിറ്റേഴ്സിന്റെയും യോഗം വിളിച്ചുചേർക്കാൻ നാഷണൽ കമ്പനി ലോ ട്രിബ്യൂണലിന്റെ ഹൈദരാബാദ് ബെഞ്ച് ഉത്തരവിട്ടു. ഫെബ്രുവരി 27നും മാർച്ച് 13നും ഇടയിലായിരിക്കും യോഗം നടക്കുക. ഇന്ത്യയിലെ ആരോഗ്യമേഖലയിലെ ഏറ്റവും വലിയ ലയനങ്ങളിലൊന്നിന് മുന്നോടിയായാണ് ഈ സുപ്രധാന നീക്കം. ലയനത്തിന് കോമ്പറ്റീഷൻ കമ്മീഷൻ ഓഫ് ഇന്ത്യയുടെ അംഗീകാരവും സ്റ്റോക്ക് എക്സ്ചേഞ്ചുകളിൽ നിന്നുള്ള 'നോ ഒബ്ജക്ഷൻ' സർട്ടിഫിക്കറ്റുകളും നേരത്തെ തന്നെ ലഭിച്ചിരുന്നു. മറ്റ് നിയമപരമായ അനുമതികൾ കൂടി ലഭിക്കുന്നതോടെ, 2026-27 സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ ലയന നടപടികൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്.

ആസ്റ്റർ പ്രൊമോട്ടർമാരും ബ്ലാക്ക്സ്റ്റോണും ചേർന്നായിരിക്കും ലയനശേഷം നിലവിൽ വരുന്ന 'ആസ്റ്റർ ഡിഎം ക്വാളിറ്റി കെയർ' എന്ന സ്ഥാപനത്തെ നയിക്കുന്നത്. രാജ്യത്തുടനീളം ഏറ്റവും മികച്ച അത്യാധുനിക വൈദ്യചികിത്സ ലഭ്യമാക്കുക എന്ന പ്രഖ്യാപിത ലക്ഷ്യത്തോടെയാണ് ഇരുകമ്പനികളും ഒന്നിക്കുന്നത്. ലയന നടപടികളിൽ ഇതുവരെ കൈവരിച്ച സുപ്രധാന പുരോഗതിയിൽ വലിയ സന്തോഷവും പൂർണതൃപ്തിയുമുണ്ടെന്ന് ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ സ്ഥാപകനും ചെയർമാനുമായ ഡോ. ആസാദ് മൂപ്പൻ പറഞ്ഞു. എൻസിഎൽടി ഉത്തരവ് പ്രകാരം നടക്കാനിരിക്കുന്ന യോഗത്തിൽ ഓഹരി ഉടമകളുടെയും കടപ്പത്ര ഉടമകളുടെയും അംഗീകാരം ലഭിക്കുമെന്ന് ഞങ്ങൾക്ക് പൂർണ്ണ വിശ്വാസമുണ്ട്. ആസ്റ്ററിന്റെയും ക്വാളിറ്റി കെയറിന്റെയും വിപുലമായ ആശുപത്രി ശൃംഖലകളും ചികിത്സാ വൈദഗ്ധ്യവും പ്രവർത്തനമികവും ഒന്നിപ്പിച്ചുകൊണ്ട് കരുത്തുറ്റ രീതിയിൽ മുന്നോട്ട് പോകാനാണ് ഞങ്ങളുടെ തീരുമാനം. കാര്യക്ഷമമായ വളർച്ചയ്ക്കും വൈദ്യശാസ്ത്ര മികവുയർത്താനും ഏറ്റവും പുതിയ ചികിത്സാരീതികൾ വേഗത്തിൽ അവതരിപ്പിക്കാനും ഈ ലയനം വഴിയൊരുക്കും. ഭാവിയിലെ വെല്ലുവിളികൾ സധൈര്യം നേരിടാൻ കരുത്തുള്ള ബൃഹത്തായ ഒരു ആരോഗ്യസ്ഥാപനമായി വളരാൻ പുതിയ കമ്പനിക്ക് കഴിയുമെന്നും ഡോ. ആസാദ് മൂപ്പൻ പറഞ്ഞു. രാജ്യത്തുടനീളമുള്ള രോഗികൾക്ക് ഗുണമേന്മയുള്ള ചികിത്സാ സൗകര്യങ്ങളും പെട്ടെന്നുള്ള രോഗമുക്തിയും ഉറപ്പാക്കാൻ കഴിയുന്നതെല്ലാം ലഭ്യമാക്കാനും ഈ നീക്കം ഞങ്ങളെ സഹായിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇരു സ്ഥാപനങ്ങളും ലയിപ്പിച്ചു രൂപീകരിക്കുന്ന 'ആസ്റ്റർ ഡിഎം ക്വാളിറ്റി കെയർ ലിമിറ്റഡിന്' കീഴിൽ ആസ്റ്റർ ഡിഎം, കെയർ ഹോസ്പിറ്റൽസ്, കിംസ് ഹെൽത്ത്, എവർകെയർ എന്നീ നാല് മുൻനിര ബ്രാൻഡുകൾ ഉണ്ടായിരിക്കും. 2025 സെപ്റ്റംബർ 30ലെ കണക്കനുസരിച്ച് ആസ്റ്ററിന് 5,195ലധികം രോഗികളെയും ക്വാളിറ്റി കെയർ ഇന്ത്യ ലിമിറ്റഡിന് 5,165 രോഗികളെയും കിടത്തി ചികില്സിക്കാനുള്ള സൗകര്യമാണുള്ളത്. ലയനം പൂർത്തിയാകുന്നതോടെ ഈ 10,360 കിടക്കകളും ഒരൊറ്റ കുടക്കീഴിലാവും. തുടർന്നുള്ള വർഷങ്ങളിൽ ഈ സംഖ്യ 14,715 ആയി ഉയർത്താനും ഉദ്ദേശിക്കുന്നുണ്ട്. ഈ വലിയ ശൃംഖലയിലൂടെ അത്യാധുനിക മെഡിക്കൽ സാങ്കേതികവിദ്യകളിലും ഡിജിറ്റൽ ഹെൽത്ത് പ്ലാറ്റ്ഫോമുകളിലും കൂടുതൽ നിക്ഷേപം നടത്താനും ലക്ഷ്യമിടുന്നു. തടസങ്ങളില്ലാത്ത, ലോകോത്തര ചികിത്സാനുഭവം രോഗികൾക്കും കുടുംബാംഗങ്ങൾക്കും നല്കാൻ പുതുതായി നിലവിൽ വരുന്ന സംയുക്ത ആശുപത്രി ശൃംഖലയ്ക്ക് കഴിയുമെന്നാണ് വിലയിരുത്തൽ.




# നുവാൽസിൽ ഐ.ബി.സി ഏകദിന സെമിനാർ സംഘടിപ്പിച്ചു

**കൊച്ചി:** കേരള ഇൻസോൾവൻസി പ്രൊഫഷണൽസ് ഫോറം ഐ.ബി.സി 2016 ഏകദിന സെമിനാർ സംഘടിപ്പിച്ചു. കളമശേരി നുവാൽസ് സെമിനാർ കോംപ്ലക്സിൽ നടന്ന സെമിനാർ കൊച്ചി നുവാൽസ് വൈസ് ചാൻസലർ പ്രൊഫ. ജി.ബി റെഡ്ഡി ഉദ്ഘാടനം ചെയ്തു. ഇന്ത്യയിലെ 2016ൽ നിലവിൽ വന്ന പാപ്പരത്ത നിയമത്തിൽ തുടർച്ചയായ നാല് തവണ ഭേദഗതി വരുത്തിയതായും എന്നാൽ ഈ നിയമം ഒരു വശത്ത് ചലനാത്മകതയും മറുവശത്ത് ചില വിടവുകളും കാണിക്കുന്നതായി അദ്ദേഹം പറഞ്ഞു. മുൻകാല രീതികളും പ്രവൃത്തികളും ഉൾപ്പെടെ പാപ്പരത്ത നിയമത്തിന്റെ ചരിത്രപരമായ സന്ദർഭം വിശദീകരിച്ച അദ്ദേഹം പാപ്പരത്ത പരിഹാര പ്രക്രിയ വളരെ ഗുണകരമായ നിർദ്ദേശമാണെന്ന് അഭിപ്രായപ്പെട്ടു. വിവിധ പാപ്പരത്ത നിയമങ്ങളുടെ ഏകീകരണവും കാര്യക്ഷമതയും ഐബിസി 2016ന്റെ സ്വാധീനവും റെസല്യൂഷൻ പ്രൊഫഷണലുകൾക്കും അവരുടെ സഹകാരികൾക്കും ലാഭകരമായ അവസരങ്ങളാണ് ഒരുക്കുന്നത്. മെച്ചപ്പെട്ട വീണ്ടെടുക്കൽ നിരക്കുകളും കടക്കാരുടെ അവകാശങ്ങളും ശക്തിപ്പെടുത്തിയതായും അദ്ദേഹം പറഞ്ഞു.

ഐസിഎംഎഐയുടെ ഐപിഎ മാനേജിംഗ് ഡയറക്ടർ ജി.എസ്. നരസിംഹ പ്രസാദ് വിശിഷ്ടാതിഥിയായിരുന്നു. ന്യൂഡൽഹി ഐബിബിഐ അസിസ്റ്റന്റ് ജനറൽ മാനേജർ മൻപ്രീത് കൗർ, അഡ്വ. അമീർ ബവാനി ഹൈദരാബാദ് എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ചെയർമാൻ പി ടി ജോയ്, വൈസ് ചെയർമാനും പിഡിസി ചെയർമാനുമായ

ഐപി ഷോൺ ജെഫ് ക്രിസ്റ്റഫർ, ജോയിന്റ് സെക്രട്ടറി ശ്രീനിവാസൻ പി ആർ, ട്രഷറർ അലൻ തോമസ് ജോസഫ്

സെക്രട്ടറി ടി.എം രാമചന്ദ്രൻ തുടങ്ങിയവർ സംസാരിച്ചു. ഇൻസോൾവൻസി ആന്റ് ബാങ്ക്റപ്റ്റ്സി ബോർഡ് ഓഫ് ഇന്ത്യ, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് കൊച്ചി, ഇൻസോൾവൻസി പ്രൊഫഷണൽ ഏജൻസി ഓഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് സെമിനാർ സംഘടിപ്പിച്ചത്.

# പുതിയ സോഫ്റ്റ്‌വെയർ അവതരിപ്പിച്ച് ഐബിഎം

**കൊച്ചി:** ഡിജിറ്റൽ ആവശ്യകത വർധിക്കുന്ന സാഹചര്യത്തിൽ ഐബിഎം 'സോവറിൻ കോർ' എന്ന പുതിയ സോഫ്റ്റ്‌വെയർ അവതരിപ്പിച്ചു. സംരംഭങ്ങൾ, സർക്കാരുകൾ, സേവനദാതാക്കൾ എന്നിവർക്ക് സ്വന്തം നിയന്ത്രണത്തിലുള്ള സുരക്ഷിതവും നിയമാനുസൃതവുമായ എഐ റെഡി സോവറിൻ പരിസ്ഥിതികൾ നിർമിക്കാനും വിന്യസിക്കാനും ഇത് സഹായിക്കും. ഡാറ്റ എവിടെയാണ് സൂക്ഷിക്കുന്നത് എന്നതിൽ മാത്രം ഒതുങ്ങാതെ, ടെക്നോളജി നിയന്ത്രണം, ആക്സസ്, ഗവേണൻസ്, എഐ മോഡലുകളുടെ പ്രവർത്തനം എന്നിവ മുഴുവൻ സ്ഥാപനങ്ങളുടെ കൈവശം നിലനിർത്തുകയാണ് 'സോവറിൻ കോറി'ന്റെ ലക്ഷ്യം. റെഡ് ഹാറ്റിന്റെ ഓപ്പൺ സോഴ്സ് അടിസ്ഥാനത്തിലാണ് സോഫ്റ്റ്‌വെയർ വികസിപ്പിച്ചിരിക്കുന്നത്. ഫെബ്രുവരിയിൽ ടെക് പ്രിവ്യൂയായി ലഭ്യമാകുന്ന ഇത്, 2026 മധ്യത്തോടെ പൂർണമായും പുറത്തിറക്കുമെന്ന് ഐബിഎം അറിയിച്ചു.

# ആർക്കിടെക്ട്സ് പ്രീമിയർ ലീഗിന് ഒരുങ്ങി ഐ ഐഎ കേരള ചാപ്റ്റർ

**കൊച്ചി:** ഐ.ഐ.എ സ്പോർട്സ് ആന്റ് കൾച്ചറൽ കമ്മിറ്റി സംഘടിപ്പിക്കുന്ന ദി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർക്കിടെക്ട്സ് പ്രീമിയർ ലീഗിന് ഐ ഐഎ കേരള ചാപ്റ്റർ ആതിഥേയത്വം വഹിക്കും. ജനുവരി 27 മുതൽ 31 വരെയാണ് മേള അരങ്ങേറുക. കായിക പ്രതിഭകളെ പ്രോത്സാഹിക്കുന്നതിനൊപ്പം ആരോഗ്യം, ടീം വർക്ക്, നേതൃപാടവം, എന്നിവ വളർത്താനും ഈ ദേശീയ വേദി സഹായിക്കുന്നു. ക്രിക്കറ്റ്, ബാഡ്മിന്റൺ, ടെന്നിസ്, ടേബിൾ ടെന്നിസ്, ബാസ്കറ്റ് ബോൾ എന്നീ അഞ്ച് കായിക ഇനങ്ങളിൽ, പുരുഷ വനിതാ ടീമുകളാണ് പങ്കെടുക്കുക. ഇന്ത്യയിലെ 16 ഐ ഐ എ സംസ്ഥാന ചാപ്റ്ററുകൾ പങ്കെടുക്കുന്ന ടൂർണമെന്റിൽ ശ്രീലങ്ക ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർക്കിടെക്ട്സിന്റെ ക്രിക്കറ്റ് ടീം കൂടി പങ്കെടുക്കും. കൊച്ചിയിലെ അഞ്ച് കായിക കേന്ദ്രങ്ങളിൽ നാല് ദിവസങ്ങളിലായാണ് കായിക മേള അരങ്ങേറുക.

സൊസൈറ്റി ടുഡേ
SOCIETY TODAY




# എയർ ഇന്ത്യ എക്സ്പ്രസിന് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ പുരസ്കാരം

**കൊച്ചി:** വിംഗ്സ് ഇന്ത്യ 2026ൽ എയർലൈൻ വിഭാഗം വിജയിയായി എയർ ഇന്ത്യ എക്സ്പ്രസ്. കേന്ദ്ര വ്യോമയാന മന്ത്രാലയം, ഫിക്കി, എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ എന്നിവർ സംയുക്തമായി ജനുവരി 28ന് ഹൈദരാബാദിൽ സംഘടിപ്പിക്കുന്ന വിംഗ്സ് ഇന്ത്യ 2026ൽ പുരസ്കാരം സമ്മാനിക്കും. മികച്ച യാത്രാനുഭവം, കൂടുതൽ കണക്ടിവിറ്റി, മെച്ചപ്പെട്ട സേവനങ്ങൾ, ഡിജിറ്റൽ സാങ്കേതിക വിദ്യകളുടെ ഉപയോഗം, നവീകരണം തുടങ്ങിയ മേഖലകളിലെ മികവാണ് എയർ ഇന്ത്യ എക്സ്പ്രസിനെ ഈ പുരസ്കാരത്തിന് അർഹമാക്കിയത്. വിംഗ്സ് ഇന്ത്യയുടെ കഴിഞ്ഞ പതിപ്പിൽ എയർ ഇന്ത്യ എക്സ്പ്രസ് 'സസ്റ്റൈനബിലിറ്റി ചാമ്പ്യൻ' അവാർഡും കരസ്ഥമാക്കിയിരുന്നു.

കഴിഞ്ഞ മാസം രാജ്യത്തെ മറ്റ് എയർലൈനുകളെ അപേക്ഷിച്ച് സമയനിഷ്ഠയിൽ എയർ ഇന്ത്യ എക്സ്പ്രസായിരുന്നു മുൻപന്തിയിൽ.

അടുത്തിടെ എയർ ഇന്ത്യ എക്സ്പ്രസിന്റെ ഫ്ളീറ്റിലേക്ക് ഉൾപ്പെടുത്തിയ പുതിയ വിമാനങ്ങളിൽ ലെതർ സീറ്റുകൾ, മൂഡ് ലൈറ്റിംഗ്, കൂടുതൽ നിശബ്ദമായ ക്യാബിൻ, അധിക സ്റ്റോറേജിനായി വലിയ ഓവർഹെഡ് സ്പേസുകൾ, ഓരോ സീറ്റിനും യുഎസ്ബി സി/എ ഫാസ്റ്റ് ചാർജിംഗ് പോർട്ടുകൾ തുടങ്ങിയവയുണ്ട്. പോയിന്റ് ടു പോയിന്റ് കണക്ടിവിറ്റിക്കപ്പുറം എയർ ഇന്ത്യയുമായുള്ള കോഡ് ഷെയർ പങ്കാളിത്തത്തിവും എയർ ഇന്ത്യ എക്സ്പ്രസിനുണ്ട്. ഇതിലൂടെ ഒരു സ്ഥലത്ത് നിന്നും യാത്രികർക്ക് ഒറ്റ പിഎൻആറിൽ നോർത്ത് അമേരിക്ക, യൂറോപ്പ് തുടങ്ങിയ ദീർഘദൂര അന്താരാഷ്ട്ര ലക്ഷ്യസ്ഥാനങ്ങളിലേക്ക് യാത്ര ചെയ്യാനാകും. ദക്ഷിണേഷ്യ, തെക്കികിഴക്കൻ ഏഷ്യ, ഗൾഫ് മേഖലകൾ എന്നിവിടങ്ങളിലെ 17 അന്താരാഷ്ട്ര വിമാനത്താവളങ്ങളിലേക്കും ഇന്ത്യയിൽ 45 സ്ഥലങ്ങളിലേക്കും എയർ ഇന്ത്യ എക്സ്പ്രസിന് വിമാന സർവീസുകളുണ്ട്.

100ലധികം വിമാനങ്ങൾ ഉപയോഗിച്ച് പ്രതിദിനം 500ലധികം സർവീസുകൾ നടത്തുന്ന എയർ ഇന്ത്യ എക്സ്പ്രസ് ഇന്ത്യയിൽ അതിവേഗം വളരുന്ന എയർലൈനൊണ്. എയർ ഇന്ത്യ എക്സ്പ്രസിന്റെ വിമാന നിരയിലെ മൂന്നിൽ രണ്ടിലധികവും പുതുതായി ഉൾപ്പെടുത്തിയ ബോയിംഗ്, എയർബസ് വിമാനങ്ങളാണ്. പ്രാദേശിക രുചികളിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട ഗോർമേർ ഭക്ഷണങ്ങളും ചെക്ക് ഇൻ ബാഗേജ് ഇല്ലാതെ യാത്ര ചെയ്യുന്ന വർക്കായുള്ള എക്സ്പ്രസ് ലൈറ്റ് നിരക്കുകളും എയർ ഇന്ത്യ എക്സ്പ്രസ് മാത്രമാണ് നൽകുന്നതെന്ന് എയർ ഇന്ത്യാ എക്സ്പ്രസ് അധികൃതർ വ്യക്തമാക്കി.

# റിപ്പബ്ലിക് ഡേ സ്പെഷ്യൽ ഫാമിലി ഓഫറുകളുമായ് വണ്ടർലാ

**കൊച്ചി:** എക്സ്ക്ലൂസീവ് റിപ്പബ്ലിക് ഡേ ആഘോഷങ്ങൾക്കായി സ്പെഷ്യൽ ഓഫറുകളുമായി വണ്ടർല ഒരുങ്ങികഴിഞ്ഞു . ജനുവരി 24 മുതൽ ജനുവരി 26 വരെ നീണ്ടുനിൽക്കുന്ന ഈ ഓഫർ പാർക്ക് ടിക്കറ്റുകൾ, ബഫേ കോംബോകൾ എന്നിവയ്ക്ക് എക്സ്ക്ലൂസീവ് ഓൺലൈൻ 'റിപ്പബ്ലിക് ഡേ വീക്കെൻഡ്' പാസ്സുകളാണ് വണ്ടർലാ അവതരിപ്പിക്കുന്നത് . കുടുംബത്തോടും സുഹൃത്തുകളോടുമൊപ്പം ഈ അവസരം ആഘോഷിക്കാൻ വണ്ടർലാ നിങ്ങളെ ക്ഷണിക്കുന്നു.

വിസിറ്റേഴ്സിന് 25 % വരെ കിഴിവ് പാർക്ക് ടിക്കറ്റുകളിലും 30 % വരെ കിഴിവ് ബഫേ കോംബോകളിലും ലഭ്യമാക്കുന്ന ഈ ഓഫറിലൂടെ കുറഞ്ഞ നിരക്കിൽ എല്ലാ റൈഡുകളിലും പ്രവേശനം സാധ്യമാണ്. വിസിറ്റേഴ്സിന് വേണ്ടി പ്രത്യേക റിപ്പബ്ലിക് ഡേ അലങ്കാരങ്ങൾ കൂടാതെ മനോഹരമായ അക്രോബാറ്റിക് ഷോകൾ, റിപ്പബ്ലിക് ഡേ പരേഡ് , പതാക ഉയർത്തൽ എന്നിവയും വണ്ടർലാ ഒരുക്കിയിട്ടുണ്ട്. ഈ ആഘോഷവേള കുടുംബങ്ങൾക്ക് ആവേശഭരിതമായ ഒത്തുചേരലിന്റെയും വിനോദത്തിന്റെയും അവസരമാക്കി മാറ്റാൻ വണ്ടർലാ അവസരം ഒരുക്കുന്നുവെന്ന് വണ്ടർലാ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ധീരൻ ചൗധരി പറഞ്ഞു. ഓരോ പാർക്കിലെയും സ്പെഷ്യൽ ഓഫറുകളുടെ കൂടുതൽ വിവരങ്ങൾ വണ്ടർല പാർക്കിന്റെ ബുക്കിംഗ് പോർട്ടലുകളിൽ ലഭ്യമാണ്.

# സമ്മിറ്റ് ഓഫ് ഫ്യൂച്ചർ രണ്ടാം പതിപ്പിന് 28 ന് കൊടിയേറും

**കൊച്ചി:** സമ്മിറ്റ് ഓഫ് ഫ്യൂച്ചറിന്റെ രണ്ടാം പതിപ്പിന് ജനുവരി 28 ന് വൈകുന്നേരം കൊച്ചിയിൽ തിരിതെളിയും. കൊച്ചി ജെയിൻ യൂണിവേഴ്സിറ്റി ക്യാമ്പസിൽ നടക്കുന്ന ഈ വിജ്ഞാനവിനോദ ഉച്ചകോടിയുടെ ഒരുക്കങ്ങളെല്ലാം പൂർത്തിയായതായി സംഘാടകർ അറിയിച്ചു. ജനുവരി 29 മുതൽ ഫെബ്രുവരി ഒന്നു വരെ നാലു ദിവസങ്ങളിലായി നടക്കുന്ന ഉച്ചകോടിയുടെ ഔദ്യോഗിക ഉദ്ഘാടനമാണ് 28ന് നടക്കുക. കിൻഫ്ര കൺവൻഷൻ സെന്ററിലാണ് പ്രധാനമായ രണ്ട് വേദികൾ പ്രവർത്തിക്കുക. ഐക്യരാഷ്ട്രസഭയുടെ 'പാക്ട് ഫോർ ദ ഫ്യൂച്ചർ' എന്ന ആശയത്തെ അടിസ്ഥാനമാക്കി സംഘടിപ്പിക്കുന്ന ഈ സംഗമത്തിൽ രണ്ട് ലക്ഷത്തിലധികം പേർ പങ്കെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ആദ്യ പതിപ്പിന്റെ വൻ വിജയത്തിന് ശേഷം കൂടുതൽ വിപുലമായ രീതിയിലാണ് ഇത്തവണ പരിപാടികൾ ആസൂത്രണം ചെയ്തിരിക്കുന്നത്. വിദ്യാഭ്യാസം, സാങ്കേതികവിദ്യ, സംരംഭകത്വം, എർത്ത്, പരിസ്ഥിതി, ഭക്ഷണം, സംസ്കാരം എന്നിങ്ങനെ ഏഴ് വ്യത്യസ്ത മേഖലകളിലായി നാനൂറിലധികം അന്താരാഷ്ട്ര വിദഗ്ധർ സംവദിക്കും. പ്രമുഖ ചിന്തകർക്കും നയരൂപകർത്താക്കൾക്കും ഒപ്പം സാധാരണക്കാരുടെ ശബ്ദത്തിനും ഇത്തവണ വലിയ പ്രാധാന്യമാണ് നൽകിയിരിക്കുന്നത്. നാനൂറിലധികം വിദഗ്ദ്ധർ, ഇരുന്നൂറിലധികം സെഷനുകൾ, അമ്പതിലധികം മാസ്റ്റർ ക്ലാസുകളും വർക്ഷോപ്പുകളും ഉച്ചകോടിയുടെ ഭാഗമായി നടക്കും. പുതിയ തലമുറയുടെ മാറ്റങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്ന 'ജെൻസി ലിംഗോ ലാബ്', ബന്ധങ്ങളെക്കുറിച്ചുള്ള 'അരികെ' തുടങ്ങിയ സെഷനുകൾ ഇത്തവണത്തെ പ്രത്യേകതകളാണ്. കൂടാതെ സമ്മിറ്റ് ഓഫ് ഫ്യൂച്ചർ കൂടുതൽ ജനകീയമാക്കുന്നതിന്റെ ഭാഗമായി ഇത്തവണ പീപ്പിൾസ് സ്റ്റേജ് എന്നൊരു ആശയവും നടപ്പിലാക്കുന്നുണ്ട്.

# പുതിയ നിറത്തിൽ സൈബർസ്റ്റർ പുറത്തിറക്കി എം.ജി സെലക്ട്

**കൊച്ചി:** ഇലക്ട്രിക് സ്പോർട്സ് കാറായി വാഹന പ്രേമികളുടെ മനം കവർന്ന എം.ജി സൈബർസ്റ്റർ പുതിയ നിറത്തിൽ പുറത്തിറങ്ങി. ഐറിസസ് സിയാൻ എന്ന പുത്തൻ നിറമാണ് എംജി സൈബർസ്റ്ററിലേക്ക് അവതരിപ്പിച്ചിരിക്കുന്നത്. ഈ സിഗ്നേച്ചർ എക്സ്റ്റീരിയർ ഫിനിഷിലൂടെ സൈബർസ്റ്റർ കൂടുതൽ ആകർഷകമായി. ഐറിസസ് സിയാൻ വാഹനത്തിന്റെ എയറോഡൈനാമിക് പ്രതലങ്ങളെയും മൊത്തത്തിലുള്ള രൂപകൽപ്പനയെയും കൂടുതൽ മികവുറ്റതാക്കി. റോഡ്സ്റ്ററിന്റെ ശിൽപസൗന്ദര്യം ഉയർത്തിക്കാട്ടാൻ സൂക്ഷ്മമായി രൂപകൽപ്പന ചെയ്ത ഐറിസസ് സിയാൻ, നീലപച്ച നിറത്തിന്റെ വ്യത്യസ്തമായ ഭംഗിയാണ് സൈബർസ്റ്ററിന് നൽകുന്നത്. എംജി സൈബർസ്റ്ററിന് ഡ്യുവൽ ടോൺ എക്സ്റ്റീരിയർ കളർ ഓപ്ഷനുകളും ലഭ്യമാണ്. ന്യൂക്ലിയർ യെല്ലോയും ഫ്ലെയർ റെഡും കറുത്ത റൂഫിനൊപ്പം മനോഹരമായി സമന്വയിപ്പിച്ചിട്ടുണ്ട്. ആൻഡീസ് ഗ്രേയും മോഡേൺ ബീജും ചേർന്ന വാഹനത്തിന് ചുവന്ന റൂഫ് കൂടുതൽ പകിട്ടേകുന്നു.

# കൺവെർജൻസ് ഇന്ത്യ എക്സ്പോ 2026: 25 സ്റ്റാർട്ടപ്പുകൾക്ക് അവസരമൊരുക്കി കേരള സ്റ്റാർട്ടപ്പ് മിഷൻ

**കൊച്ചി:** മാർച്ചിൽ ന്യൂഡൽഹിയിൽ നടക്കുന്ന രാജ്യത്തെ ഏറ്റവും വലിയ സാങ്കേതിക പ്രദർശനമായ 'കൺവെർജൻസ് ഇന്ത്യ എക്സ്പോ 2026'ൽ പങ്കെടുക്കാൻ കേരളത്തിലെ സ്റ്റാർട്ടപ്പുകളെ ക്ഷണിച്ച് കേരള സ്റ്റാർട്ടപ്പ് മിഷൻ . 2026 മാർച്ച് 23 മുതൽ 25 വരെ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കുന്ന മേളയിൽ 25 സ്റ്റാർട്ടപ്പുകൾ അടങ്ങുന്ന സംഘത്തെയാണ് കെഎസ് യുഎം സംഘത്തിൽ ഉൾപ്പെടുത്തുന്നത്. തിരഞ്ഞെടുക്കപ്പെടുന്ന സ്റ്റാർട്ടപ്പുകൾക്ക് തങ്ങളുടെ ഉൽപ്പന്നങ്ങളും സേവനങ്ങളും ആഗോളവേദിയിൽ പ്രദർശിപ്പിക്കുന്നതിനായി വിപുലമായ സൗകര്യങ്ങളാണ് കെഎസ് യുഎം ഒരുക്കുന്നത്. പ്രമുഖ വെഞ്ചർ ക്യാപിറ്റലിസ്റ്റുകൾ, ഏഞ്ചൽ നിക്ഷേപകർ, കോർപ്പറേറ്റുകൾ തുടങ്ങിയവർക്ക് മുന്നിൽ സ്റ്റാർട്ടപ്പുകൾക്ക് ആശയങ്ങൾ അവതരിപ്പിക്കാനും നിക്ഷേപകരുമായി നേരിട്ട് സംവദിക്കാനും അവസരം ലഭിക്കും. തെരഞ്ഞെടുക്കപ്പെടുന്ന സ്റ്റാർട്ടപ്പുകൾ 10,000 രൂപ രജിസ്ട്രേഷൻ ഫീസ് അടയ്ക്കേണ്ടതാണ്. സ്റ്റാർട്ടപ്പ് പ്രതിനിധികളുടെ യാത്ര, താമസം തുടങ്ങിയ ചെലവുകൾ അതത് സ്ഥാപനങ്ങൾ തന്നെ വഹിക്കണം. താൽപ്പര്യമുള്ള സ്റ്റാർട്ടപ്പുകൾക്ക് https://delegation.startupmission.in/ എന്ന ലിങ്ക് വഴി അപേക്ഷിക്കാവുന്നതാണ്.

ഐസിടി, 6G, നിർമ്മിതബുദ്ധി(എഐ), ഇന്റർനെറ്റ് ഓഫ് തിങ്സ് (ഐഒടി), ഫിൻടെക്, സ്മാർട്ട് സിറ്റി സൊല്യൂഷനുകൾ തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് ദേശീയഅന്തർദേശീയ തലത്തിൽ വിശാലമായ വിപണി കണ്ടെത്താനും ബിസിനസ്സ് പങ്കാളിത്തങ്ങൾ ഉറപ്പാക്കാനും മേളയിലെ പ്രാതിനിധ്യം മുതൽക്കൂട്ടാകും.

# റിപ്പബ്ലിക് ദിനം; വിവിധ ഓഫറുകളുമായി റെഡ്ബസ്

**കൊച്ചി:** റിപ്പബ്ലിക് ദിനവുമായി ബന്ധപ്പെട്ട് റെഡ്ബസ് വിവിധ ഓഫറുകൾ പ്രഖ്യാപിച്ചു. ഓഫറുകളുടെ ഭാഗമായി ജനുവരി 26 വരെ ഡിസ്കവർ ഭാരത് സെയിൽ സ്കീം പ്രകാരം സീറ്റൊന്നിന് 299 രൂപ മുതൽ ആരംഭിക്കുന്ന നിരക്കുകളുമായി ഇന്ത്യയിലുടനീളം യാത്ര ചെയ്യാനുള്ള സൗകര്യങ്ങളാണ് ഒരുക്കുന്നതെന്ന് റെഡ്ബസ് അധികൃതർ വ്യക്തമാക്കി. ബസുകൾ, ട്രെയിനുകൾ, ഹോട്ടലുകൾ എന്നിവയിൽ 50% വരെ കിഴിവുകളും തിരഞ്ഞെടുത്ത ബാങ്ക്, പേയ്മെന്റ് പാർട്ണർ ഓഫറുകൾ വഴിയുള്ള ലാഭവും ഇതിൽ ഉൾപ്പെടുന്നു. റിപ്പബ്ലിക് ദിനവുമായി ബന്ധപ്പെട്ടുള്ള ഇന്റർസിറ്റി ബസ് യാത്രയിൽ വൻ വർധനയുള്ളതായും റെഡ്ബസ് റിപ്പോർട്ട് സൂചിപ്പിക്കുന്നു. റിപ്പബ്ലിക് ദിന യാത്രാ വിൻഡോയിൽ കേരളത്തിലെ ബസ് ബുക്കിംഗുകൾ 51% വർധനയുള്ളതായി റെഡ്ബസ് പ്ലാറ്റ്ഫോമിൽ നിന്നുള്ള ഡാറ്റ സൂചിപ്പിക്കുന്നു. 2026 ജനുവരി 23 നും 26 നും ഇടയിൽ നടത്തിയ ബുക്കിംഗുകളിൽ കഴിഞ്ഞ വർഷത്തെ ഇതേ കാലയളവുമായി താരതമ്യം ചെയ്യുമ്പോഴാണ് ഈ വർധന. ബുക്കിംഗുകളിൽ 67 ശതമാനം എ.സി ബസുകൾക്കും 33% നോൺഎസി ബസുകൾക്കുമാണെന്ന് ഡാറ്റ വ്യക്തമാക്കുന്നു. 52% യാത്രക്കാർ സ്ലീപ്പർ ബസുകളാണ് തിരഞ്ഞെടുക്കുന്നത്. ആകെ ബസ് ബുക്കിംഗുകളിൽ 64% പുരുഷ യാത്രക്കാരും 36% വനിതാ യാത്രക്കാരുമാണ്. 24% പേർ ചെറിയ നഗരങ്ങളിൽ നിന്നും (ടയർ 2) 76% പേർ പട്ടണങ്ങളിൽ നിന്നും ഗ്രാമങ്ങളിൽ നിന്നും (ടയർ 3) യാത്ര തിരിക്കുന്നതായും കണക്കുകൾ വ്യക്തമാക്കുന്നു.

സൊസൈറ്റി ടുഡേ
SOCIETY TODAY



# ലിമിറ്റഡ്എഡിഷൻ ട്രാക്ടറുകൾ പുറത്തിറക്കി മഹീന്ദ്ര ട്രാക്ടേഴ്സ്

**കൊച്ചി:** മഹീന്ദ്ര ഗ്രൂപ്പിന്റെ ഭാഗമായ മഹീന്ദ്ര ട്രാക്ടേഴ്സ്, റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് തങ്ങളുടെ ലിമിറ്റഡ് എഡിഷൻ ട്രാക്ടറുകൾ പുറത്തിറക്കുന്നതായി പ്രഖ്യാപിച്ചു. യുവോ ടെക്+ 585 ഡിഐ 4ഡബ്ല്യുഡി ട്രാക്ടറുകൾ മെറ്റാലിക് ഓറഞ്ച്, എവറസ്റ്റ് വൈറ്റ്, മെറ്റാലിക് ഗ്രീൻ എന്നീ നിറങ്ങളിലാണ് ട്രാക്ടറുകൾ വിപണിയിലിറക്കുന്നത്. ഇതിൽ മെറ്റാലിക് ഗ്രീൻ വേരിയന്റിൽ റോപ്പ്, ജെറിക്കാൻ, മഹീന്ദ്ര ഫ്ളാഗ് തുടങ്ങിയ ലിമിറ്റഡ് എഡിഷൻ ആക്സസറികളും ഉൾപ്പെടുമെന്ന് മഹീന്ദ്ര ട്രാക്ടേഴ്സ് മാർക്കറ്റിങ് ആൻഡ് നാഷണൽ ബിസിനസ് ഓപ്പറേഷൻസ് (സെയിൽസ്, ചാനൽ ആൻഡ് കസ്റ്റമർ കെയർ ഡിവിഷൻ) വൈസ് പ്രസിഡന്റും മേധാവിയുമായ പരീക്ഷിത് ഘോഷ് പറഞ്ഞു. കരുത്തുറ്റ നാല് സിലിണ്ടർ എഞ്ചിനാണ് ഈ മോഡലിന് കരുത്തേകുന്നത്. ഇത് പരമാവധി 33.9 കി.വാട്ട് (45.4 എച്ച്പി) പി.ടി.ഒ ഔട്ട്പുട്ട് നൽകും. 215 എൻഎം പീക്ക് ടോർക്കും 18 ശതമാനം ബാക്കപ്പ് ടോർക്കുമുള്ള ഈ ട്രാക്ടർ കഠിനമായ ജോലികൾക്കും വെല്ലുവിളി നിറഞ്ഞ മണ്ണിലെ പ്രവർത്തനങ്ങൾക്കും ഏറെ അനുയോജ്യമാണ്. 2000 കി.ഗ്രാം ഹൈഡ്രോളിക് ലിഫ്റ്റ് കപ്പാസിറ്റിയു. ഡ്യുവൽ ക്ലച്ച്, എംഎസ്പിടിഒ, ഓക്സിലറി വാൽവ് എന്നിവയ്ക്കൊപ്പം 12 ഫോർവേഡ്, 3 റിവേഴ്സ് ഗിയർ ട്രാൻസ്മിഷൻ എന്നിവ കൃത്യമായ നിയന്ത്രണവും വൈവിധ്യമാർന്ന കൃഷി രീതികളിൽ മികച്ച പ്രവർത്തനക്ഷമതയും ഉറപ്പാക്കും. ദീർഘനേരത്തെ ജോലിസമയത്ത് ഡ്രൈവർക്ക് ഉണ്ടാകുന്ന ക്ഷീണം കുറയ്ക്കാൻ പവർ സ്റ്റിയറിങ് സംവിധാനം സഹായിക്കും ഉണങ്ങിയതും നനഞ്ഞതുമായ പാടങ്ങളിൽ ഒരുപോലെ സ്ഥിരതയും ഗ്രിപ്പും ഉറപ്പുനൽകുന്നതാണ് ഇതിന്റെ ടയറുകൾ.

വെറും 300 യൂണിറ്റുകൾ മാത്രമുള്ള ഈ ട്രാക്ടറുകൾ ജനുവരി 26 മുതൽ രാജ്യത്തുടനീളമുള്ള തിരഞ്ഞെടുക്കപ്പെട്ട മഹീന്ദ്ര ട്രാക്ടർ ഡീലർഷിപ്പുകളിൽ ലഭ്യമാവുമെന്നും അദ്ദേഹം അറിയിച്ചു.

## സ്റ്റാർട്ടപ്പുകൾക്ക് 20 കോടി വിതരണം ചെയ്യാൻ എച്ച്ഡിഎഫ്സി ബാങ്ക്

**കൊച്ചി :** സാമൂഹിക പ്രതിഫലം ലക്ഷ്യമിടുന്ന നവീകരണങ്ങൾക്ക് പിന്തുണ നൽകുന്ന പരിവർത്തൻ സ്റ്റാർട്ടപ്പ് ഗ്രാന്റ് പദ്ധതിയുടെ 2026 സാമ്പത്തിക വർഷ പതിപ്പ് എച്ച്ഡിഎഫ്സി ബാങ്ക് പ്രഖ്യാപിച്ചു. ഒമ്പതാം പതിപ്പായ ഈ പദ്ധതിയിലൂടെ രാജ്യവ്യാപകമായി 10 തന്ത്രപ്രധാന സംരംഭങ്ങൾക്ക് 20 കോടി രൂപയുടെ നോൺഡൈല്യൂട്ടീവ് ഗ്രാന്റുകളാണ് വിതരണം ചെയ്യുക. കാലാവസ്ഥ നവീകരണം, കാർഷിക മേഖല, സുസ്ഥിര ഉപജീവനം, നിർമ്മാണം, എംഎസ്എംഇ നവീകരണം, സാമ്പത്തിക ഉൾക്കൊള്ളൽ, ലിംഗസമത്വം തുടങ്ങിയ മേഖലകൾക്ക് പുറമേ എഐ, ഡീപ് ടെക്നോളജി പോലുള്ള ഉയർന്ന് വരുന്ന മേഖലകളും പദ്ധതിയുടെ ഭാഗമായി ഉൾപ്പെടും. പൈലറ്റ് പദ്ധതികൾ, ആശയ സ്ഥിരീകരണം, പ്രാരംഭഘട്ട വിപുലീകരണം എന്നിവയ്ക്കാണ് ഗ്രാന്റ് സഹായം ലക്ഷ്യമിടുന്നത്.

## പെനാങ് റോഡ്ഷോ കൊച്ചിയിൽ നടന്നു

**കൊച്ചി:** പെനാങ് കൺവെൻഷൻ ആന്റ് എക്സിബിഷൻ ബ്യൂറോ (പിസിഇബി) പെനാങ് റോഡ്ഷോ ടു ഇന്ത്യ 2026 ന്റെ ഒമ്പതാമത് പതിപ്പ് കൊച്ചിയിൽ നടന്നു. ജനുവരി 19 ന് ആരംഭിച്ച റോഡ് ഷോ 27 വരെ ഇന്ത്യയിലെ നാല് പ്രധാന നഗരങ്ങളിലായാണ് നടക്കുന്നത്. കൊച്ചിക്കു മുൻപ് മുംബൈയിലും ന്യൂഡൽഹിയിലും ഷോകൾ നടന്നു. അടുത്ത റോഡ് ഷോ ചെന്നൈയിൽ 27നു നടക്കും. നാല് നഗരങ്ങളിലായി 800ലധികം ബിസിനസുകാരും 100ലധികം മാധ്യമ പ്രതിനിധികളും പങ്കെടുക്കും. 2025 നവംബർ വരെ, ഇന്ത്യയിൽ നിന്ന് 42,367ലധികം പേർ പെനാങ് സന്ദർശിച്ചു. 2026 ഡിസംബർ 31 വരെ ഇന്ത്യൻ പൗരന്മാർക്കുള്ള വിസ ഇളവ് പെനാങ് തുടരുന്നത് ടൂറിസത്തിനും ബിസിനസിനുമുള്ള പ്രിയപ്പെട്ട സ്ഥലമായി മലേഷ്യയേയും പെനാങ്ങിനേയും മാറ്റി. പെനാങ് 2025 നവംബർ വരെ 2,900ലധികം ബിസിനസ് ഇവന്റുകൾ നടത്തി. മലേഷ്യയുടെ ആഗോള പ്രൊഫൈൽ ഉയർത്തുന്നതിനും ടൂറിസം വളർച്ച ത്വരിതപ്പെടുത്തുന്നതിനുമായി രൂപകൽപ്പന ചെയ്തിരിക്കുന്ന ഒരു ദേശീയ അജണ്ടയായ വിസിറ്റ് മലേഷ്യ ഇയർ 2026 വഴി 2026 മലേഷ്യയുടെ ടൂറിസം വ്യവസായത്തിന് ഒരു നിർണായക നാഴികക്കല്ലാണ്. വിപണി സാന്നിധ്യവും പങ്കാളിത്തവും ശക്തിപ്പെടുത്തുക, ആഗോള യാത്രകൾ തുടങ്ങിയ അജണ്ടകളുമായുള്ള യാത്രകളിൽ മുന്നോട്ട് കൊണ്ടുപോകുന്നതിൽ പെനാങ്




## ടോറസ്, ഹിപ്പോ ഹെവിഡ്യൂട്ടി ട്രക്കുകൾ വീണ്ടും വിപണിയിലിറക്കി അശോക് ലേയ്ലാൻഡ്

**കൊച്ചി:** ഹിന്ദുജ ഗ്രൂപ്പിന്റെ ഇന്ത്യൻ പതാകവാഹക കമ്പനിയും രാജ്യത്തെ പ്രമുഖ വാണിജ്യ വാഹന നിർമാതാക്കളുമായ അശോക് ലയ്ലാൻഡിന്റെ ട്രക്ക് മോഡലുകളായ ടോറസ്, ഹിപ്പോ എന്നിവ വീണ്ടും വിപണിയിൽ അവതരിപ്പിച്ചു. ആധുനിക കാലഘട്ടത്തിന് അനുയോജ്യമായ രീതിയിൽ പരിഷ്കരിച്ച ടോറസ് ഉയർന്ന കുതിരശക്തിയുള്ള ടിപ്പർ വിഭാഗത്തെയും, ഹിപ്പോ ട്രെയിലർ ട്രാക്ടർ വിഭാഗത്തെയുമാണ് പ്രതിനിധീകരിക്കുന്നത്. കരുത്തിനും വിശ്വാസ്യതയ്ക്കും പേരുകേട്ട ഇരുമോഡലുകളും ഇന്ത്യയുടെ വളരുന്ന സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി അടുത്ത തലമുറ സാങ്കേതികവിദ്യയോടെയാണ് തിരിച്ചെത്തുന്നതെന്ന് അശോക് ലേയ്ലാൻഡ് മാനേജിങ് ഡയറക്ടറും സിഇഒയുമായ ഷേനു അഗർവാൾ പറഞ്ഞു. ഉയർന്ന ഉൽപ്പാദനക്ഷമത, മികച്ച ഇന്ധനക്ഷമത, ഡ്രൈവർക്ക് കൂടുതൽ സുഖസൗകര്യങ്ങൾ എന്നിവ ഉറപ്പാക്കുന്ന പുതിയ ടോറസ്, ഹിപ്പോ ശ്രേണികൾ വാഹനശൃംഖല ഓപ്പറേറ്റർമാർക്ക് കൂടുതൽ ലാഭം നൽകുന്ന രീതിയിലാണ് രൂപകൽപന ചെയ്തിരിക്കുന്നത്. അശോക് ലയ്ലാൻഡിന്റെ നൂതനമായ എവിടിആർ മോഡുലാർ ട്രക്ക് പ്ലാറ്റ്ഫോമിൽ നിർമിച്ച ഈ വാഹനങ്ങൾ ഇന്ത്യയിലുടനീളമുള്ള അശോക് ലയ്ലാൻഡ് ഡീലർഷിപ്പുകൾ വഴി ബുക്ക് ചെയ്യാനാവും. 8.0 ലിറ്റർ എസീരീസ്, 6സിലിണ്ടർ എഞ്ചിൻ 360 എച്ച്പി കരുത്ത് നൽകുന്നു, ഈ വിഭാഗത്തിലെ ഏറ്റവും മികച്ച 1600 എൻഎം ടോർക്ക്, 430 മി.മീ വ്യാസമുള്ള ക്ലച്ച്, ഹെവിഡ്യൂട്ടി 9എസ് 15409 സിൻക്രോമെഷ് ഗിയർ ബോക്സ്, കരുത്തുറ്റ 9 മി.മീ കനമുള്ള ഫ്രെയിം, ഹിൽ സ്റ്റാർട്ട് അസിസ്റ്റ്, ഓട്ടോമാറ്റിക് ട്രാക്ഷൻ കൺട്രോൾ, ചരിക്കാൻ സാധിക്കുന്ന ടോറസ് ഡേ ക്യാബിൻ എന്നിവയാണ് ടോറസ് ടിപ്പർ ശ്രേണിയുടെ സവിശേഷതകൾ. എസീരീസ്, 6സിലിണ്ടർ 8.0 ലിറ്റർ എൻജിൻ, 360 എച്ച്പി കരുത്താണ് ഹിപ്പോ ട്രെയിലർ ശ്രേണിക്കും. മികച്ച യാത്രാസുഖത്തിനും സുരക്ഷയ്ക്കുമായി ചരിക്കാൻ സാധിക്കുന്ന ഹിപ്പോ സ്ലീപ്പർ ക്യാബിൻ, 8 മി.മീ കനമുള്ള ഹെവിഡ്യൂട്ടി ഫ്രെയിം എന്നിവയുണ്ട്. ടയർ പ്രഷർ മോണിറ്ററിങ്, റിവേഴ്സ് ക്യാമറ, അഡ്വാൻസ്ഡ് ഡ്രൈവർ അസിസ്റ്റ് സിസ്റ്റംസ് എന്നിവ ഓപ്ഷണലായി ലഭിക്കും.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com